LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2248 തേക്ക് മരങ്ങളിൽ നിന്നും 171 ഈട്ടി മരങ്ങളിൽ നിന്നുമായി 1612.121 ക്യൂബിക് മീറ്റർ തേക്ക് തടികളും 327.584 ക്യൂബിക് മീറ്റർ ഈട്ടിതടികളും നീക്കം ചെയ്തതായും അവയിൽ 1263.622 ക്യൂബിക് മീറ്റർ തേക്ക് തടികളും 47.435 ക്യൂബിക് മീറ്റർ ഈട്ടിത്തടികളും പിടിച്ചെടുത്തതായും റിപ്പോർട്ടിലുണ്ട്. ആയതിന് സുമാർ 1441.751 ലക്ഷം രൂപ വിലയുള്ള തടികളിൽ 844.889 ലക്ഷം രൂപയുടെ തടികൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിനെ കുറ്റപ്പെടുത്തി വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(ഡി) മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 1 - 3896/21 തീയതി 28-6-2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽനിന്നും മാറ്റി നിർത്തിയിട്ടുണ്ട്. കൂടുതൽ വനം ജീവനക്കാർക്ക് അനധികൃത മരം മുറിയുമായി ബന്ധപ്പെട്ട് വീഴ്ചയുണ്ടെന്ന് കണ്ടെത്തിയാൽ കർശന ശിക്ഷാനടപടി യഥാവിധി സ്വീകരിക്കുന്നതാണ്.

മരം മുറി അന്വേഷണം

114 (420) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പ് വിജിലൻസ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ കൂടുതൽ വിശദമായി ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പരിശോധിച്ചുവരികയാണ്. ആയതിനാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പ്രാഥമിക റിപ്പോർട്ട് മേൽ അന്വേഷണത്തിന്റെ ഭാഗമായി വരുന്നതുകൊണ്ട് ടി അന്വേഷണ സംഘത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വനം വകുപ്പിന്റെ കണക്കിനേക്കാൾ വളരെ കൂടുതൽ മരങ്ങൾ മുറിച്ചുമാറ്റിയെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ?

സർക്കാർ നിയോഗിച്ച പ്രത്യേക അന്വേഷണസംഘം ഈ പരാതികളും പരിശോധിച്ചുവരുകയാണ്.

(സി) റവന്യൂ വകുപ്പിന്റെ ടീ രജിസ്റ്റർ ഇല്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ടീ രജിസ്റ്റർ സൂക്ഷിക്കേണ്ട ചുമതല റവന്യൂ വകുപ്പിനാണ്.

(ഡി) പട്ടയ ഭൂമിയിൽ റിസർവ് ചെയ്ത 12 ഇനവും മരവില അടയ്ക്കേണ്ടാത്ത 62 ഇനം മരങ്ങളുടെ എണ്ണവും ടീ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ ടീ രജിസ്റ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ നഷ്ടപ്പെട്ട മരങ്ങളുടെ വിവരങ്ങൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ?

പട്ടയഭൂമിയിലെ മരങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നതും ആയത് നഷ്ടപ്പെട്ടാൽ കണ്ടെത്തുന്ന മാർഗ്ഗങ്ങളും സംബന്ധിച്ച നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിച്ചുവരുന്നത്.

പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചു കടത്തൽ

115 (421) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ 24-10-2020-ലെ സ.ഉ. (കൈ)നമ്പർ 261/2020/റവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയ ഭൂമിയിലെ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?